**പതിനഞ്ചാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 462** **08-10-2024-ൽ മറുപടിയ്ക്ക്**

**<u>എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് അരൂർ മണ്ഡലത്തിലെ പ്രവൃത്തികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി. ദെലീമ ശ്രീ. വി. ഡി. സതീശൻ

ശ്രീമതി. ദെലീമ (മുഖ്യമന്ത്രി)

**(എ)** എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സിവിൽ വർക്കുകൾ ചെയ്യുന്നതിന് സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസികൾക്ക് പി.എം.സി. പ്രകാരം പ്രവൃത്തികൾ നൽകുന്നതിന് നിലവിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സം ഉണ്ടോയെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** 17/01/2022 ലെ സ.ഉ.(അച്ചടി)നം.7/2022/ധന, 02/09/2022 ലെ സ.ഉ.(അച്ചടി)നം.104/2022/ധന ഉത്തരവുകൾ പ്രകാരമാണ് അക്രെഡിറ്റഡ് ഏജൻസികളെ തിരഞ്ഞെടുക്കുന്നത്. 17/01/2022 ലെ സ.ഉ.(അച്ചടി)നം.7/2022/ധന, പ്രകാരം യോഗ്യതയുള്ള അക്രെഡിറ്റഡ് ഏജൻസികൾക്കിടയിൽ നിന്നും type of work, technical requirement, PMC charges, etc അനുസരിച്ച് ന്യായവും സുതാര്യവുമായ ലേല പ്രക്രിയയിലൂടെയാണ് പി എം സി അക്രെഡിറ്റഡ് ഏജൻസിയെ തിരഞ്ഞെടുക്കേണ്ടതാണ്.

**(ബി)** ഇത്തരത്തിൽ അരൂർ മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പി.എം.സി. വ്യവസ്ഥയിൽ അക്രഡിറ്റഡ് ഏജൻസികൾക്ക് പ്രവൃത്തി കൊടുക്കുവാൻ നിർദ്ദേശിച്ചിട്ടും നാളിതുവരെ നടപ്പിലാക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

**<u>മറുപടി:</u>** 17/01/2022 ലെ സ.ഉ.(അച്ചടി)നം.7/2022/ധന, 02/09/2022 ലെ സ.ഉ.(അച്ചടി)നം.104/2022/ധന ഉത്തരവുകൾ പ്രകാരമാണ് അക്രെഡിറ്റഡ് ഏജൻസികളെ തിരഞ്ഞെടുക്കുന്നത്. 17/01/2022 ലെ സ.ഉ.(അച്ചടി)നം.7/2022/ധന, പ്രകാരം യോഗ്യതയുള്ള അക്രെഡിറ്റഡ് ഏജൻസികൾക്കിടയിൽ നിന്നും type of work, technical requirement, PMC charges, etc അനുസരിച്ച് ന്യായവും സുതാര്യവുമായ ലേല പ്രക്രിയയിലൂടെയാണ് പി എം സി അക്രെഡിറ്റഡ് ഏജൻസിയെ തിരഞ്ഞെടുക്കേണ്ടതാണ്.

**(സി)** എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴി ഡിപ്പോസിറ്റ് വർക്കായി അരൂർ മണ്ഡലത്തിൽ എത്ര പ്രവൃത്തികൾ നടന്നുവെന്നും, എത്ര പ്രവൃത്തികൾക്ക് തുക അനുവദിച്ചെന്നും, തുക അനുവദിക്കുന്നതിന് കാലതാമസം വരുന്നതിന്റെ കാരണവും വിശദമാക്കാമോ;

**<u>മറുപടി:</u>** അരൂർ നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴി പത്ത് പ്രവൃത്തികൾ ഡിപ്പോസിറ്റ് വർക്കായി നിർവ്വഹിക്കുന്നതിന്

അനുമതി നൽകിയിട്ടുണ്ട്. ആയതിൽ നാല് പ്രവൃത്തികളുടെ ഡിപ്പോസിറ്റ് തുക അനുവദിച്ചിട്ടുണ്ട്. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് അനുസൃതമാണോ പ്രവർത്തിയെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരിശോധിച്ച ഉറപ്പ് വരുത്തി ശേഷം തുക അനുവദിക്കുന്നതാണ്.

**(ഡി)** തദ്ദേശ സ്വയംഭരണ വകുപ്പ് വഴി അരൂർ മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി എത്ര പ്രവൃത്തികൾ 2021-22, 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ടെന്നും, എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും, നിലവിൽ ടെൻഡർ നടപടികൾ പൂർത്തീകരിക്കാത്ത എത്ര പ്രവൃത്തികൾ ഉണ്ടെന്നും, ടെൻഡർ നടപടി പൂർത്തീകരിക്കാത്തതിന്റെ കാരണം എന്തെന്നും വിശദമാക്കാമോ?

**മറുപടി:** അരൂർ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പ് വഴി നിർവ്വഹിക്കുന്ന പ്രവർത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു

**സെക്ഷൻ ഓഫീസർ**

**അരൂർ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പ് വഴി നിർവ്വഹിക്കുന്ന പ്രവർത്തികളുടെ വിവരങ്ങൾ**

| ക്രമ നം. | സാമ്പത്തിക വർഷം | പ്രവർത്തികളുടെ എണ്ണം | ഭരണാനുമതി നൽകിയത് | ടെൻഡർ നടപടികൾ പൂർത്തീകരിക്കാത്തത് |
|---|---|---|---|---|
| 1 | 2021-22 | 2 | 2 | 1 |
| 2 | 2022-23 | 4 | 4 | 0 |
| 3 | 2023-24 | 4 | 3 | 2 |
| 4 | 2024-25 | 7 | 0 | 0 |

**ടെൻഡർ നടപടി പൂർത്തീകരിക്കാത്ത പ്രവർത്തികളുടെ വിശദാംശങ്ങൾ**

| ക്രമ നം. | പ്രവൃത്തിയുടെ പേര് | വർഷം | സ്റ്റാറ്റസ് |
|---|---|---|---|
| 1 | അരുക്കുറ്റി പഞ്ചായത്ത് വാർഡ് 7 ൽ കളത്തിപ്പറമ്പ് സ്രാമ്പിക്കൽ പ്രദേശം കാന നിർമ്മാണം | 2021-22 | 28.09.24 ലെ ക്വട്ടേഷനിലും പ്രതികരണം ഇല്ല |
| 2 | അരൂർ ഗ്രാമപഞ്ചായത്ത് വാർഡ് 16 അറയ്ക്കൽ-മാളിയേക്കൽ റോഡ് നിർമ്മാണം | 2023-24 | 31.08.24 ൽ ഭരണാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| 3 | എഴുപുന്ന ഗ്രാമപഞ്ചായത്ത് വാർഡ് 12 പുതുശേരി കുവക്കാട് റോഡ് | 2023-24 | 31.08.24 ൽ ഭരണാനുമതി നൽകി ടെണ്ടർ നടപടി സ്വീകരിച്ചുവരുന്നു. |